**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:7465 14.07.2014-ൽ മറുപടിയ്ക്ക്

**അച്ചടിശാലകളിലെ യന്ത്രസാമഗ്രികൾക്ക് അനുവദിച്ച തുക**

ചോദ്യം

ശ്രീ. വി.ശിവൻകുട്ടി

മറുപടി

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ പ്രസ്സുകളിലേക്ക് യന്ത്ര സാമഗ്രികൾ വാങ്ങുന്നതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും അതിൽ എത്ര തുകയ്ക്ക് ആയതു വാങ്ങിയെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ അച്ചടിവകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങിക്കുന്നതിന് അനുവദിച്ച തുക, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അനുവദിച്ചതുക | ചെലവായ തുക |
|---|---|---|
| 2011- 12 | 4,00,00,000 രൂപ | 26487090 |
| 2012- 13 | 5,87,00,000 രൂപ | 6112698 |
| 2013 -14 | 5,50,00,000 രൂപ | 4808757 |

ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലോക്കൽ പർച്ചേസിംഗ് മുഖേന വാങ്ങിയ പ്ലേറ്റുകൾ എത്രയെന്നും തുക എത്രയെന്നും വ്യക്തമാക്കുമോ ;

ബി) ഈ സർക്കാർ നിലവിൽ വന്നശേഷം e-tender മുഖേന പർച്ചേസ് ചെയ്യാൻ സാധിക്കാത്തതിനാൽ അത്യാവശ്യ ജോലികൾക്ക് വേണ്ടി 10,58,795/- രൂപയ്ക്ക് പ്ലേറ്റുകൾ വാങ്ങിയിട്ടുണ്ട്.

സി) അച്ചടി വകുപ്പിലേക്ക് ആവശ്യമുള്ള പ്ലേറ്റുകൾ ആന്വൽ പർച്ചേസ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

സി) 2013-14 സാമ്പത്തിക വർഷത്തിലേയ്ക്ക് Annual Indent പ്രകാരം 52.74 ലക്ഷം രൂപയുടെ PS/CTP പ്ലേറ്റുകൾ e-tender-കൾ മുഖേന വാങ്ങുന്നതിന് അനുമതി നല്കിയിരുന്നുവെങ്കിലും മത്സരാധിഷ്ഠിതമായി e-tender-കൾ ലഭിക്കാത്തതിനാൽ ആന്വൽ പർച്ചേസ് നടത്താൻ കഴിഞ്ഞിരുന്നില്ല. ഈ വർഷത്തെ ആന്വൽ പർച്ചേസിന്റെ പ്രൊപ്പോസൽ പരിശോധിച്ചതിനുശേഷം ഭരണാനുമതി നല്കുന്നതാണ്.

സെക്ഷൻ ഓഫീസർ